2024
MARCH
06
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## രൂപയ്ക്ക് മൂല്യമേറുന്നു



**കൊച്ചി:** ഓഹരി വിപണിയിലെ മികച്ച മുന്നേറ്റവും കയറ്റുമതി രംഗത്തെ ഉണർവും എണ്ണ വിലയിലെ ഇടിവും ഇന്ത്യൻ രൂപയ്ക്ക് കരുത്ത് പകരുന്നു.

കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടെയിൽ ഡോളറിനെതിരെ രൂപയുടെ മൂല്യത്തിൽ ഒരു ശതമാനത്തിലധികം വർധനയാണുണ്ടായത്. ഇന്നലെ രൂപയുടെ മൂല്യം ഒരു പൈസ ഉയർന്ന് 82.89ൽ വ്യാപാരം അവസാനിപ്പിച്ചു. ആഗോള വിപണിയിൽ ലോകത്തിലെ പ്രമുഖ നാണയങ്ങൾക്കെതിരെ ഡോളർ കരുത്ത് നേടുകയാണെങ്കിലും ഇന്ത്യൻ രൂപ ശക്തമായി പിടിച്ചുനിന്നു.

ഓഹരി, കടപ്പത്ര വിപണികളിൽ വിദേശ നിക്ഷേപത്തിലുണ്ടായ വർധനയും രൂപയ്ക്ക് ഗുണമായി. കഴിഞ്ഞ രണ്ടാഴ്ചകളിലായി ഡോളറിനെതിരെ മികച്ച നേട്ടത്തോടെയാണ് രൂപ വ്യാപാരം പൂർത്തിയാക്കിയത്. കഴിഞ്ഞവാരം ഒരവസരത്തിൽ രൂപയുടെ മൂല്യം 82.84 വരെ ഉയർന്നിരുന്നു.

കയറ്റുമതി മേഖലയുടെ മത്സരക്ഷമതയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പൊതുമേഖലാ ബാങ്കുകൾ വഴി റിസർവ് ബാങ്ക് വലിയ തോതിൽ ഡോളർ വാങ്ങിയതിനാലാണ് രൂപയുടെ മൂല്യം കുത്തനെ കൂടാത്തതെന്ന് വ്യാപാരികൾ പറയുന്നു. അമേരിക്കയിൽ നാണയപ്പെരുപ്പ ഭീഷണി പൂർണമായും ഒഴിയാത്തതിനാൽ പലിശ നിരക്ക് കുറയ്ക്കാനുള്ള ഫെഡറൽ റിസർവിൻറെ തീരുമാനം വൈകുമെന്ന സൂചനയും രൂപയ്ക്ക് അനുകൂലമാണ്.അടുത്തമാസം അമെരിക്കയിലെ കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവ് മുഖ്യ പലിശ നിരക്ക് കാൽ ശതമാനം കുറയുമെന്നാണ് പൊതുവേ പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ഭക്ഷ്യ ഉത്പന്നങ്ങളുടെ വിലക്കയറ്റം രൂക്ഷമായതിനാൽ മേയ് മാസത്തിന് ശേഷമേ പലിശ കുറയൂവെന്നാണ് ധനകാര്യ വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഡോളറിനെതിരെ രൂപയുടെ മൂല്യം 82.5ന് മുകളിലേക്ക് നീങ്ങാൻ റിസർവ് ബാങ്ക് അനുവദിക്കില്ലെന്ന് അനലിസ്റ്റുകൾ പറയുന്നു.

## ഭാരത് അരിയെ വെല്ലാൻ കെ റൈസുമായി സർക്കാർ

**തിരുവനന്തപുരം :** കേന്ദ്ര സർക്കാരിന്റെ 'ഭാരത് അരി'യെ വെല്ലാൻ കേരളം തയാറാക്കുന്ന ശബരി കെ റൈസ് സപ്ലൈകോ ഡിപ്പോകൾ വഴി വിതരണം ചെയ്യും. ഇതിനായി സപ്ലൈകോ പർച്ചേസ് ഓർഡർ നൽകി. കിലോഗ്രാമിനു 40.11 രൂപ നിരക്കിൽ വാങ്ങി സബ്സിഡിയോടെ 29 രൂപയ്ക്കാണു കെ റൈസ് നൽകുക.

ശബരി കെ റൈസ് ജയ (29 രൂപ), കുറുവ (30), മട്ട (30) എന്നിങ്ങനെയാണു വില. ഒരു റേഷൻ കാർഡിന് ഇതിൽ ഏതെങ്കിലും ഒരു ഇനം അരി പ്രതിമാസം 5 കിലോഗ്രാം നൽകാനാണു നിർദേശം. ഈ മാസം ലഭിച്ച ജയ, കറുവ, മട്ട എന്നിവയുടെ 50 കിലോഗ്രാം അരി ചാക്കുകൾ കെ റൈസായി മാറ്റാനും ആവശ്യപ്പെട്ടിട്ടുണ്ട്. കെ റൈസിന്റെ സംസ്ഥാനതല ഉദ്ഘാടനത്തിനു ശേഷം വിൽപന ആരംഭിക്കും.

ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യയിൽ (എഫ്സിഐ) നിന്ന് ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം വഴി വില കുറച്ചു ലഭിക്കുന്ന അരിയാണ് കേന്ദ്ര സർക്കാരിന്റെ ഏജൻസികളും കേന്ദ്ര സഹകരണ സംഘങ്ങളും വഴി കിലോയ്ക്ക് 'ഭാരത് അരി' ആയി നൽകുന്നത്. ഇതിന് റേഷൻ കാർഡ് ആവശ്യമില്ല. രണ്ടു വർഷം മുൻപു വരെ ഇതേ അരി സപ്ലൈകോയ്ക്കു വില കുറച്ചു ലഭിച്ചിരുന്നു. ഇത്തവണ ആവശ്യപ്പെട്ടിട്ടും കേന്ദ്രത്തിൽ നിന്നു ലഭിക്കാതെ വന്നതോടെയാണ് ലോക്സഭാ തിരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന പശ്ചാത്തലത്തിൽ 'കെ റൈസു'മായി രംഗത്തു വരുന്നത്.



കെ റൈസ് വിതരണത്തിനു സഞ്ചി വാങ്ങാൻ ഡിപ്പോ മാനേജർമാർക്കു സപ്ലൈകോ അനുമതി നൽകി. ഏതെങ്കിലും ഡിപ്പോയിൽ തുണി സഞ്ചി കിട്ടിയില്ലെങ്കിൽ മറ്റു ഡിപ്പോയിൽ നിന്ന് എത്തിക്കാനും നിർദേശിച്ചു.സപ്ലൈകോ മേഖലാ മാനേജർമാരുടെയും ഡിപ്പോ മാനേജർമാരുടെയും വിഡിയോ കോൺഫറൻസിലാണു തീരുമാനം അറിയിച്ചത്. ഏകദേശം 50 ലക്ഷം സഞ്ചി വാങ്ങേണ്ടി വരുമെന്നാണു കണക്ക്.

മുൻപ് ഓണക്കിറ്റിന് സഞ്ചി വാങ്ങിയത് ഒരെണ്ണത്തിനു 15 രൂപ വീതമാണ്. ആ നിരക്കാണെങ്കിൽ 7.5 കോടി കെ റൈസ് സഞ്ചിക്കു ചെലവാകും. ഭരണപക്ഷ പാർട്ടിയിലെ ചിലർക്കു നേട്ടം കൊയ്യാനാണു സഞ്ചി വാങ്ങുന്നതെന്ന് ആക്ഷേപമുണ്ട്. സപ്ലൈകോ ജീവനക്കാർക്ക് ഫെബ്രുവരിയിലെ ശമ്പളം ഇനിയും നൽകിയിട്ടില്ല. 40 രൂപയ്ക്കു വാങ്ങുന്ന അരി 29 രൂപയ്ക്കു നൽകുമ്പോൾ സ്ഥാപനത്തിനു കോടികളുടെ ബാധ്യത വരും. 10 കിലോഗ്രാം അരി സബ്സിഡിയായി നിലവിൽ നൽകുന്നുണ്ട്. അതിനു പുറമേയാണു സഞ്ചി വാങ്ങി കെ റൈസ് വിതരണം ചെയ്യുന്നത്.

## വിഴിഞ്ഞം തീരശോഷണത്തിന് കാരണം തുറമുഖമല്ലെന്ന് വിദഗ്ധ സമിതി

**തിരുവനന്തപുരം:** ജില്ലയിലെ തീരശോഷണത്തിന് കാരണം വിഴിഞ്ഞത്തെ അന്താരാഷ്ട്ര തുറമുഖമാണെന്ന ലത്തീൻ അതിരൂപതയുടെ വാദം തള്ളി വിദഗ്ധ സമിതി റിപ്പോർട്ട്. തിരുവനന്തപുരം ജില്ലയിലെ തീരശോഷണത്തിന് കാരണം വിഴിഞ്ഞം തുറമുഖമല്ലെന്നും തിരുവനന്തപുരത്തേത് സ്വാഭാവിക തീരശോഷണമാണെന്നുമാണ് വിദഗ്ധ സമിതിയുടെ കണ്ടെത്തൽ. സമിതി റിപ്പോർട്ട് ഇന്ന് സർക്കാരിന് കൈമാറും. നാലംഗ സമിതിയാണ് വിഷയത്തിൽ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയത്. മത്സ്യത്തൊഴിലാളികളെ മുൻ നിർത്തി ലത്തീന് അതിരൂപത വിഴിഞ്ഞത്ത് നടത്തിയ സമരം ഒതുതീർത്തതിൻറെ ഭാഗമായാണ് തീരശോഷണം പഠിക്കാൻ സർക്കാർ വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നത്.



തിരുവനന്തപുരത്തുണ്ടാകുന്ന രൂക്ഷമായ കടലാക്രമണങ്ങൾക്ക് കാരണം തുറമുഖ നിർമാണമാണമെന്നായിരുന്നു ലത്തീൻ അതിരൂപതയുടെ വാദം. 100 ദിവസത്തിൽ അധികം നീണ്ടുനിന്ന വിഴിഞ്ഞം തുറമുഖ സമരത്തിൻറെ പ്രധാന മുദ്രാവാക്യവും തീരശോഷണം ആയിരുന്നു. എന്നാൽ ഈ വാദങ്ങളെ തള്ളുന്നതാണ് ഡോ. എം.ഡി കൂഡാലെ അധ്യക്ഷനായ വിദഗ്ധ സമിതിയുടെ റിപ്പോർട്ട്. തുറമുഖ നിർമാണം തീരശോഷണത്തിന് കാരണമാകുന്നില്ലെന്ന് വിദഗ്ധ സമിതി കണ്ടെത്തി. തിരുവനന്തപുരത്തേത് സ്വാഭാവിക തീരശോഷണമാണെന്നും തുറമുഖ നിർമാണത്തിന് മുമ്പും ജില്ലയിലെ തീരപ്രദേശങ്ങളിൽ രൂക്ഷമായ കടലാക്രമണമുണ്ടായിരുന്നുവെന്നും വിദഗ്ധ സമിതി റിപ്പോർട്ടിലുണ്ട്.റിപ്പോർട്ട് സമിതി അംഗങ്ങൾ ഇന്ന് മന്ത്രിക്ക് കൈമാറും. അതേസമയം സമിതിയിൽ ലത്തീൻ അതിരൂപത പ്രതിനിധിയെ ഉൾപ്പെടുത്തണമെന്ന ആവശ്യം സർക്കാർ പരിഗണിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ ലത്തീൻ സഭ ഈ റിപ്പോർട്ട് അംഗീകരിക്കാനിടയില്ല. ലോക്സഭാ തെരഞ്ഞെടുപ്പ് അടുത്തിരിക്കെ വിഷയം വീണ്ടും ഉയർന്നുവരുന്നത് രാഷ്ട്രീയ പാർട്ടികളും രാഷ്ട്രീയമായി ഉപയോഗിച്ചേക്കും.



## ഉൽപ്പന്ന നിർമ്മാണ കമ്പനികൾക്ക് ഇരട്ടത്താപ്പ്

# ഏപ്രിൽ മുതൽ പുതിയ ഉൽപ്പന്നങ്ങൾ ബഹിഷ്കരിക്കും : കേരള കൺസ്യൂമർ പ്രോഡക്ട്സ് ഡീലേഴ്സ് ഫോറം

**കൊച്ചി:** ഉൽപ്പന്ന നിർമ്മാണ കമ്പനികൾ കച്ചവടത്തിലെ ഇരട്ടത്താപ്പ് അവസാനിപ്പിക്കാത്ത പക്ഷം അവരുടെ പുതിയ ഉൽപ്പന്നങ്ങൾ ഏപ്രിൽ മുതൽ സംസ്ഥാന വിപണിയിൽ വിൽപ്പന നടത്തില്ലെന്ന് കേരള കൺസ്യൂമർ പ്രോഡക്ട്സ് ഡീലേഴ്സ് ഫോറം (K-CDF) ഭാരവാഹികൾ കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ പ്രഖ്യാപിച്ചു.

നിലവിൽ വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്ന ഒരു ഉൽപ്പന്നവും ബഹിഷ്ക്കരിക്കില്ല എന്നാൽ പുതിയ ഉൽപ്പന്നങ്ങൾക്ക് റീട്ടെയിൽ വ്യാപാരികൾക്ക് മിനിമം 20 ശതമാനം കമ്മീഷൻ ലഭിക്കാതെ വിൽക്കില്ല. ഇതിന് ആനുപാതികമായി ഡിസ്ട്രിബ്യൂട്ടേഴേസിനും കമ്മീഷൻ വർധന വേണമെന്നും കെ.സി.ഡി.എഫ് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.വ്യാപാരികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും സമാന സ്വഭാവമുള്ള സംഘടനകളായ ആൾ കേരള ഡിസ്ട്രിബ്യൂട്ടേഴ്സ് അസ്സോസിയേഷൻ (AKDA), ആൾ കേരള കെമിസ്റ്റ് ആന്റ് ഡ്രഗിസ്റ്റ് അസ്സോസിയേഷൻ (AK-CDA), സൂപ്പർ മാർക്കറ്റ് വെൽഫെയർ അസ്സോസിയേഷൻ ഓഫ് കേരള (SWAK), ബേക്കേഴ്സ് അസോസ്സിയേഷൻ കേരള (BAKE) എന്നിവർ സംയുക്തമായി രൂപീകരിച്ച പൊതുവേദിയാണ് കേരള കൺസ്യൂമർ പ്രോഡക്ട്സ് ഡീലേഴ്സ് ഫോറം. (കെ.സി.ഡി.എഫ്). കേരളത്തിൽ വ്യാപാരികളുടെ നിലനിൽപ്പ് അപകടത്തിലാണെന്ന് കെ.സി.ഡി.എഫ്സംസ്ഥാന ചെയർമാൻ മുജീബൂർ റഹ്മാൻ.എ(സംസ്ഥാന പ്രസിഡന്റ്,ആൾ കേരള ഡിസ്ട്രിബ്യൂട്ടേഴ്സ് അസ്സോസിയേഷൻ) വാർത്താ സമ്മേളനത്തിൽ പറഞ്ഞു.



ഉൽപ്പന്ന നിർമ്മാണ കമ്പനികൾ കച്ചവടത്തിലെ ഇരട്ടത്താപ്പ് അവസാനിപ്പിക്കാത്ത പക്ഷം അവരുടെ പുതിയ ഉൽപ്പന്നങ്ങൾ ഏപ്രിൽ മുതൽ സംസ്ഥാന വിപണിയിൽ വിൽപ്പന നടത്തില്ലെന്ന് കേരള കൺസ്യൂമർ പ്രോഡക്ട്സ് ഡീലേഴ്സ് ഫോറം ചെയർമാൻ മുജീബൂർ റഹ്മാൻ.എ, കൺവീനർമാരായ ജോർഫിൻ പെട്ട, എ.എൻ.മോഹനൻ,കിരൺ എസ് പാലയ്ക്കൽ എന്നിവർ കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ പ്രഖ്യാപിക്കുന്നു.

രാജ്യത്തിന്റെ മുഴുവൻ മേഖലകളിലും കാലാനുസൃതമായ വേതന വർധനവ് വന്നിട്ടുണ്ടെങ്കിലും വ്യാപാരികളുടെ കാര്യത്തിൽ മാത്രം ഏതോ കാലത്ത് നിശ്ചയിച്ച കമ്മീഷൻ മാത്രമാണ് കമ്പനികൾ ഇപ്പോഴും നൽകന്നുന്നത്. കോർപ്പറേറ്റുകളുടെ കടന്നുകയറ്റം പരമ്പരാഗത കച്ചവടക്കാരെ ശ്വാസം മുട്ടിച്ചു കൊല്ലുകയാണ്. കേരളത്തിൽ നടക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വിൽപ്പനയിൽ 20 മുതൽ 25 ശതമാനവും വിൽപ്പന നടത്തുന്നത് കോർപ്പറേറ്റ് മാഫിയകളാണ്.പരമ്പരാഗത കച്ചവടക്കാർക്ക് നിലവിൽ 5 ശതമാനം മുതൽ 7 ശതമാനം വരെ കമ്മീഷൻ നൽകുമ്പോൾ ഓൺലൈൻ കമ്പനികൾക്കും, മോഡേൺ ട്രേഡുകൾ എന്നവകാശപ്പെടുന്ന കുത്തകകൾക്ക് 35 ശതമാനം കമ്മീഷനാണ് ഉൽപ്പന്ന നിർമ്മാണ കമ്പനികൾ നൽകുന്നത്. എല്ലാ ഉപഭോക്താക്കൾക്കും മോഡേൺ ട്രേഡുകളിൽ എത്തിപ്പെടാൻ കഴിയാറില്ല. സാധാരണക്കാരായ ഉപഭോക്താക്കൾക്ക് അമിത നിരക്കിൽ സാധനം വാങ്ങേണ്ടി വരുമ്പോൾ ഒരു വിഭാഗം ഉപഭോക്താക്കൾക്ക് കൂടുതൽ ലാഭത്തിൽ മോഡേൺ ട്രേഡുകളിൽ നിന്ന് സാധനങ്ങൾ വാങ്ങാനും കഴിയുന്നു. ഇതിലൂടെ ഉപഭോക്താക്കളെ വിഭജിച്ച് സമൂഹത്തിൽ രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുകയാണെന്നു മാത്രമല്ല പരമ്പരാഗത കച്ചവടക്കാർ കൂടുതൽ ലാഭം എടുക്കുന്നവരാണെന്ന് ധാരണ പൊതുസമഹൂത്തിൽ പടരാനും കാരണമാകുന്നു.

സർക്കാർ കാലാകാലങ്ങളിൽ ഏർപ്പെടുത്തുന്ന ലൈസൻസുകൾക്ക് പുറമെ, പി.എഫ്, ഇ.എസ്.ഐ, ക്ഷേമനിധി എന്നിങ്ങനെ നിയമാനുസൃതമായി പാലിക്കേണ്ടവയെല്ലാം പാലിച്ച് വ്യാപാരം നടത്തുന്ന പരമ്പരാഗത കച്ചവടക്കാർ അകാരണമായി സംശയത്തിന്റെ നിഴലിലാകുന്നുവെന്നും ഫോറം ഭാരവാഹികൾ പറഞ്ഞു. കൂടിയ വിലയ്ക്ക് കിട്ടുന്ന ഉൽപ്പന്നങ്ങൾ കൂടിയ വിലയ്ക്ക് മാത്രമേ വിറ്റഴിക്കാൻ സാധിക്കൂ. കുത്തകകൾക്കും ഓൺലൈൻകാർക്കും കൂടുതൽ കമ്മീഷൻ എന്ന നയം കമ്പനികൾ തിരുത്തണമെന്നും മുജീബൂർ റഹുമാൻ.എ ആവശ്യപ്പെട്ടു. നിർമ്മാതാക്കളിൽ നിന്നും കൂടുതൽ കമ്മീഷൻ ലഭിക്കുന്ന ഉൽപ്പന്നങ്ങൾ കുത്തക വ്യാപാരികളും ഓൺലൈൻകാരും മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വിപണിയിൽ വിൽക്കുമ്പോൾ സംസ്ഥാന സർക്കാരിന് ജി.എസ്.ടി ഇനത്തിൽ ഭീമമായ തുകയാണ് നഷ്ടം സംഭവിക്കുന്നത്. നാളിതുവരെ കേരളത്തിലെ വ്യാപാരികൾ സർക്കാരിന് നൽകിക്കൊണ്ടിരുന്ന നികുതി വരുമാനമായിരുന്നു കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായി നിലകൊണ്ടിരുന്നത്.കേരളത്തിലെ ഏതു ക്ഷേമപ്രവർത്തനങ്ങളാകട്ടെ പരിപാടികളാകട്ടെ എല്ലാത്തിനെയും പിന്തുണച്ചിരുന്നത് പരമ്പാരഗത വ്യാപാരികളായിരുന്നു. എന്നാൽ ഈ വ്യാപാരികളെ സംരക്ഷിക്കുന്ന നിലപാടല്ല സംസ്ഥാനത്തിന്റെയെന്നും മുജീബൂർ റഹുമാൻ.എ പറഞ്ഞു.

കേരളം വ്യാപര സൗഹൃദ സംസ്ഥാനമാണെന്ന് പറയുമ്പോഴും പരമ്പരാഗത വ്യാപാരികളെ ശ്വാസം മുട്ടിച്ചുകൊണ്ട് കേരളത്തിന്റെ വ്യാപാര മേഖലയെ കുത്തകകൾക്ക് തീറെഴുതുന്ന സമീപമാണ് സർക്കാർ സ്വീകരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.ചില ലോബികൾ ജിഎസ്ടി ബില്ലിന്റെയും നിത്യോപയോഗ സാധനങ്ങളുടെയും മറവിൽ ലഹരി വസ്തുക്കളും മയക്കു മരുന്നുകളും കടത്തുന്നു. ഇത്തരത്തിൽ ലഹരിവസ്തുക്കൾക്കൊപ്പം കൊണ്ടു വരുന്ന ഉൽപ്പന്നങ്ങൾ പകുതി വിലയ്ക്ക് സംസ്ഥാന വിപണിയിൽ വിൽപന നടത്തുന്നതും പരമ്പരാഗത കച്ചവടക്കാരെ ബാധിക്കുന്നു. ഇത് തടയുന്നതിനായി എല്ലാ ചെക്ക് പോസ്റ്റുകളിലും ജിഎസ്ടി, എക്സൈസ് വകുപ്പുകൾ സംയുക്തമായി പരിശോധന ശക്തമാക്കണമെന്നും ഫോറം ഭാരവാഹികൾ ആവശ്യപ്പെട്ടു. കൺവീനർമാരായ ജോർഫിൻ പെട്ട ( സംസ്ഥാന പ്രസിഡന്റ്,സൂപ്പർ മാർക്കറ്റ് വെൽഫെയർ അസ്സോസിയേഷൻ ഓഫ് കേരള), എ.എൻ.മോഹനൻ ( സംസ്ഥാന പ്രസിഡന്റ്,ഓൾ കേരള കെമിസ്റ്റ് ആന്റ് ഡ്രഗ്ഗിസ്റ്റ് അസ്സോസിയേഷൻ), കിരൺ എസ് പാലയ്ക്കൽ(സംസ്ഥാന പ്രസിഡന്റ്, ബേക്കേഴ്സ് അസോസ്സിയേഷൻ കേരള) എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# കൊച്ചി ബ്ലൂ സ്പൈക്കേഴ്സിനെതിരെ മിന്നുംജയം കുറിച്ച് ഡൽഹി തൂഫാൻസ്

**ചെന്നൈ:** റൂപേ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ എ23യുടെ മൂന്നാം സീസണിൽ ഡൽഹി തൂഫാൻസിന് ത്രസിപ്പിക്കുന്ന ജയം. രണ്ട് സെറ്റ് നഷ്ടമായശേഷം തിരിച്ചുവന്ന് കൊച്ചി ബ്ലൂ സ്പൈക്കേഴ്സിനെ ത്രസിപ്പിക്കുന്ന പോരിൽ കീഴടക്കി. സ്കോർ: 9,15, 15,17, 15,10, 15,8, 15,8. ഡാനിയൽ അപോൺസയാണ് കളിയിലെ താരം. കൊച്ചിയുടെ തുടർച്ചയായ ഏഴാം തോൽവിയാണിത്.

എറിൻ വർഗീസും ജിബിൻ സെബാസ്റ്റ്യനും തുടക്കത്തിൽതന്നെ കൊച്ചിക്ക് ആക്രമണമുഖം നൽകി. എന്നാൽ പ്രതിരോധമായിരുന്നു ഇരു ടീമുകൾക്കുമിടയിലുള്ള വ്യത്യാസം. അഭിനവും അതോസും മധ്യഭാഗത്ത് ഉറച്ചുനിന്നു. സഖ്‌ലയിൻ മികച്ച പാസിങ് കൊണ്ട് ഡൽഹിക്ക് സഹായം നൽകി. പക്ഷേ, കൊച്ചി ബ്ളോക്കർമാർ സന്തോഷിനെയും ലാസർ ഡോഡിച്ചിനെയും ഉലച്ചു.

എറിൻ മികച്ച പ്രകടനം കളിയിലുടനീളം തുടർന്നു. ഡൽഹിയുടെ സമ്മർദ്ദത്തിനിടയിലും തകർപ്പൻ ഷോട്ടുകളുമായി കൊച്ചിക്ക് കളിയിൽ നിയന്ത്രണവും നൽകി.

വസന്തിന്റെ ആക്രണാത്മ സെർവുകൾ കൊച്ചിക്ക് മുൻതൂക്കം നൽകി. അപോൺസ രണ്ട് നിർണായക ബ്ലോക്കുകൾ നടത്തുകയും പിന്നാലെ ആക്രമണനിരയിലും സഹായം നൽകി. ഡൽഹി ചെറുത്തുനിൽപ്പിന്റെ ലക്ഷണങ്ങൾ കാട്ടിത്തുടങ്ങി. ആയുഷ് തകർപ്പൻ ബ്ലോക്കിലൂടെ പ്രതിരോധത്തിന് ഉറപ്പ് നൽകി. ഡൽഹി കളിയിലേക്ക് വഴി കണ്ടെത്തി.


അനു തകർപ്പൻ ആക്രമണ നീക്കങ്ങളുമായി കളം പടിച്ചു. ഡൽഹി കളി ഗതി തിരിക്കാൻ തുടങ്ങി. അപോൺസയുടെ കിടയറ്റ ബ്ലോക്കിൽ ഒരു സൂപ്പർ പോയിന്റ് നേടി ഡൽഹി കളി അഞ്ചാം സെറ്റിലേക്ക് നീട്ടി. ഡൽഹിയുടെ ആക്രമണത്തിന്റെ ചുമതല അനു ഏറ്റെടുത്തു. ജിബിന് കൃത്യമായി ഷോട്ട് തൊടുക്കാനായില്ല. അനുവിന്റെയും സന്തോഷിന്റെയും തുടരൻ ആക്രമണങ്ങൾക്ക് മുന്നിൽ കൊച്ചിക്ക് പിടിച്ചുനിൽക്കാനായില്ല. ഒടുവിൽ സന്തോഷിന്റെ കരുത്തുറ്റ സ്പൈക്കിൽ ഡൽഹി ജയം സ്വന്തമാക്കി.



# ഇടിക്കൂട്ടിലെ താര റാണി ഹന്ന ഗബ്രിയേൽസ് വനിതാ ദിനത്തിൽ കൊച്ചിയിൽ

**കൊച്ചി :** വേൾഡ് ബോക്സിംഗ് കൗൺസിൽ (ഡബ്ല്യൂ.ബി.സി) സംഘടിപ്പിക്കുന്ന ലോക ഹെവി വെയ്റ്റ് ഡി.ജെ.എം.സി സീരീസ് നമ്പർ 7 ബോക്സിംഗ് ചാംപ്യൻഷിപ്പിന്റെ തിയ്യതി സംബന്ധിച്ച പ്രഖ്യാപനം നടത്തുന്നതിനാണ് ഇടിക്കൂട്ടിലെ താര റാണി ഹന്ന ഗബ്രിയേൽസ് ലോക വനിതാ ദിനത്തിൽ കൊച്ചിയിൽ എത്തുന്നത്. ഇത്തവണത്തെ ചാംപ്യൻഷിപ്പിന് കൊച്ചിയാണ് വേദി. നാഷണൽ സ്പോർടസ് മിഷന്റെ സഹകരണത്തോടെ 2024 ആഗസ്റ്റിൽ നടക്കുന്ന ചാംപ്യൻഷിപ്പ് എറണാകുളം കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിലാണ് അരങ്ങേറുന്നത്. ഇന്ത്യ, ഓസ്ട്രേലിയ, അമേരിക്ക, മലേഷ്യ, ശ്രീലങ്ക, ഫിലിപ്പൈൻസ്, യു.കെ ഉൾപ്പെടെയുള്ള 12 ലധികം രാജ്യങ്ങളിൽ നിന്നുള്ള ബോക്സിംഗ് താരങ്ങൾ ഹെവി വെയ്റ്റ് ബോക്സിംഗ് പട്ടത്തിനായി ഇടിക്കൂട്ടിൽ ഏറ്റുമുട്ടും.

എറണാകുളം എം.ജി റോഡിലെ അവന്യൂ റീജന്റ് ഹോട്ടലിൽ സംഘടിപ്പിച്ചിരിക്കുന്ന തിയതി പ്രഖ്യാപന ചടങ്ങിൽ ഹന്ന ഗബ്രിയേൽസിനെ കൂടാതെ യു.കെയിൽ നടന്ന ലോക ഹെവി വെയ്റ്റ് ബോക്സിംഗിൽ ചാംപ്യനായ അഗ്രോൺ, മെൽബൺ ഡി.ജെ.എം.സി സീരീസ് നമ്പർ 6 ബോക്സിംഗ് ചാംപ്യൻ കെ എസ് വിനോദ്, ഡബ്ല്യൂ.ബി.സി മാനേജർ അതുൽ സതീശൻ, ഡി.ജെ.എം.സി ചെയർമാനും ഡബ്ല്യൂ.ബി.സി കെയർ മിഡിൽ ഈസ്റ്റിലെയും ശ്രീലങ്കയിലെയും വേൾഡ് ബോക്സിംഗ് കൗൺസിലിൽ അംബാസിഡറുമായ ടൻസ്റ്റൻ റൊസാരിയോ,ഡബ്ല്യൂ.ബി.സി മാച്ച് മേക്കർ ഡ്രെയിൻ, ഡബ്ല്യൂ.ബി.സി (കെയർ) സൗത്ത് ഇന്ത്യൻ അംബാസിഡർ അഡ്വ. കെ.വി സാബു എന്നിവർ ചേർന്നാണ് പ്രഖ്യാപനം നടത്തുക. സ്പോർട്സ് മിഷൻ ഇന്റർനാഷണൽ ചെയർപേഴ്സൻ ഉഷാ കൃഷ്ണകുമാർ, സ്പോർട്സ് മിഷൻ ദേശീയ ചെയർമാൻ നെടുങ്കാവ് ഗോപാലകൃഷ്ണൻ, സംസ്ഥാന പ്രസിഡന്റ് ഷിജു മാത്യു എന്നിവരും പങ്കെടുക്കും.



**മാർച്ച് എട്ടിന് കൊച്ചിയിൽ എത്തുന്ന ഡബ്ല്യൂ.ബി.സി വുമൺ ഹെവി വെയ്റ്റ് ലോകചാംപ്യൻ ഹന്ന ഗബ്രിയേൽസ്**

ഡി.ജെ.എം.സി സീരീസ് നമ്പർ 7 ബോക്സിംഗ് ചാംപ്യൻഷിപ്പാണ് ഇക്കുറി കൊച്ചിയിൽ നടക്കുന്നത്. വേൾഡ് ബോക്സിംഗ് കൗൺസിലിന്റെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം ഡിസംബറിൽ ഓസ്ട്രേലിയയിലെ മെൽബണിൽ നടന്ന ഡി.ജെ.എം.സി സീരീസ് നമ്പർ 6 ബോക്സിംഗ് ചാംപ്യൻഷിപ്പിൽ ഇന്ത്യൻ താരവും മലയാളിയുമായ എറണാകുളം ടൈറ്റിൽ ബോക്സിംഗ് ക്ലബ്ബ് സി.ഇ.ഒയുമായ കെ എസ് വിനോദ് ആയിരുന്നു ജേതാവായത്.

ഡി,ജെ.എം.സി സീരീസ് നമ്പർ 7 ചാംപ്യൻഷിപ്പ് അമേരിക്കയിൽ നടത്താനാണ് മെൽബണിൽ നടന്ന യോഗത്തിന്റെ തീരുമാനം. എന്നാൽ ഡബ്ല്യൂ.ബി.സി മിഡിൽ വെയ്റ്റ് ഡി.ജെ.എം.സി സീരീസ് നമ്പർ 6 ബോക്സിംഗ് ചാംപ്യൻ കെ.എസ് വിനോദ്, ഡബ്ല്യൂ.ബി.സി (കെയർ) സൗത്ത് ഇന്ത്യൻ അംബാസിഡർ അഡ്വ. കെ.വി സാബു ചലച്ചിത്ര നിർമ്മാതാവും വേൾഡ് ബോക്സിംഗ് കൗൺസിൽ (കെയർ) അംഗവുമായ ടോമിച്ചൻ മുളകുപാടം എന്നിവരുടെ ശ്രമഫലമായാണ് ഇക്കുറി ഇന്ത്യയെ വേദിയായി തിരഞ്ഞെടുത്തത്.

ഇന്ത്യ വേദിയായാൽ കേരളത്തിലെ കൊച്ചിയിൽ നടത്താമെന്നും ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിൽ ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി യുവതലമുറയ്ക്ക് ബോക്സിംഗിനോട് താൽപ്പര്യം വർധിച്ചു വരുന്നുണ്ടെന്നും ഈ സാഹചര്യത്തിൽ ലോകനിലവാരത്തിലുള്ള ബോക്സിംഗ് ചാംപ്യൻഷിപ്പ് കേരളത്തിൽ സംഘടിപ്പിക്കുന്നത് കൂടുതൽ പ്രചാരം ലഭിക്കാൻ സഹായിക്കുമെന്നും സംഘടാകരെ ബോധ്യപ്പെടുത്താനായന്നെ് കെ.എസ് വിനോദ്, അഡ്വ.കെ.വി.സാബു എന്നിവർ പറഞ്ഞു. ഡബ്ല്യൂ.ബി.സി കെയറും ഡി.ജെ.എം.സിയും സംയുക്തമായാണ് മത്സരം സംഘടിപ്പിക്കുന്നത്.

# പിണറായി സർക്കാർ രാജിവയ്ക്കേണ്ടി വരും : ജെ.എസ്.എസ് പാർട്ടി സെന്റർ

**കൊച്ചി:** വരാൻ പോകുന്ന പാർലമെന്റ് തിരഞ്ഞെടുപ്പിന് ശേഷം പിണറായി സർക്കാരിന്റെ രാജി ഉറപ്പാണെന്ന് ജെ.എസ്.എസ് സംസ്ഥാന സെന്റർ യോഗം വിലയിരുത്തി. സംസ്ഥാനത്തിന്റെ പൊതുകടം നാൾക്ക് നാൾ കൂടിവരുമ്പോഴും, കേന്ദ്രം കടമെടുപ്പ് പരിധി കൂട്ടണം എന്ന ഏക അജണ്ടമാത്രമാണ് ഇടത് സർക്കാരിനുള്ളത്. ക്ലിഫ് ഹൗസിലെ മരപ്പട്ടിയെ ഭയക്കുന്ന മുഖ്യമന്ത്രി വന്യജീവികളെ ഭയന്ന് വിറങ്ങലിച്ച മലയോര ജനതയുടെ ആശങ്കയകറ്റാൻ നാളിതുവരെ ഒന്നും ചെയ്തിട്ടില്ല. മുഖ്യമന്ത്രി പ്രഖ്യാപിച്ച രക്ഷാപ്രവർത്തനം ഇപ്പോൾ എസ്.എഫ്.ഐ ഏറ്റെടുത്തിരിക്കുന്നു. ആന്താരാഷ്ട്ര മാഫിയകൾക്കൊപ്പം ചേർത്ത് വായിക്കേണ്ട പേരായി മാറിയിരിക്കുന്നു ഇടതുപക്ഷ വിദ്യാർത്ഥി പ്രസ്ഥാനം. അഡ്വ.എ.എൻ.രാജൻ ബാബു ജനറൽ സെക്രട്ടറിയായിട്ടുള്ള ജെ.എസ്.എസിനെ മാത്രമാണ് കേന്ദ്ര ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ചിട്ടുള്ളതെന്നും തങ്ങൾ യു.ഡി.എഫിന്റെ വിജയത്തിനായി 20 ലോക്സഭാ മണ്ഡലത്തിലും അരയും തലയും മുറിക്കി രംഗത്തിറങ്ങുമെന്നും കൊച്ചിയിൽ കൂടിയ പാർട്ടി സെന്റർ തീരുമാനിച്ചുവെന്ന് വാർത്താകുറിപ്പിൽ അറിയിച്ചു.

# പഞ്ചാബ് നാഷണൽ ബാങ്ക് ഈസ് മൈട്രിപ്പ് ക്രെഡിറ്റ് കാർഡ്

**ന്യൂ ഡൽഹി:** പ്രമുഖ പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്ക് ഓൺലൈൻ ട്രാവൽ ടെക് പ്ലാറ്റ്ഫോമുകളിലൊന്നായ ഈസ്മൈട്രിപ്പ്മായി സഹകരിച്ച് പിഎൻബി ഇഎംടി കോബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അവതരിപ്പിച്ചു.

ഇന്ത്യൻ യാത്രക്കാർക്ക് വൈവിധ്യമാർന്ന റിവാർഡുകൾ വാഗ്ദാനം ചെയ്യുന്നതിനായി ഇത് രൂപകൽപ്പന ചെയ്തതാണ് ഈ കോബ്രാൻഡഡ് ട്രാവൽ ക്രെഡിറ്റ് കാർഡ്.

കോൺടാക്റ്റ്ലെസ് പേയ്മെന്റുകൾക്കുള്ള ഒരു വാലറ്റ് ഉൾപ്പെടുന്ന ഈ കാർഡ് ഉപഭോക്താക്കൾക്ക് ഫ്ലൈറ്റുകൾ, ഹോട്ടലുകൾ, അവധിക്കാല പാക്കേജുകൾ എന്നിവയുൾപ്പെടെ വിവിധ വിഭാഗങ്ങളിൽ റിവാർഡുകൾ കാർഡ് വാഗ്ദാനം ചെയ്യുന്നു. അധിക സുരക്ഷക്കായി കാർഡ് വിവരങ്ങൾ വ്യാപാരിയുടെ പിഒഎസ് മെഷീനിലേക്ക് കൈമാറുന്നതിന് മുമ്പ് എൻക്രിപ്റ്റ് ചെയ്തിരിക്കുന്നു.

പിഎൻബി ഇഎംടി ക്രെഡിറ്റ് കാർഡ് 100 രാജ്യങ്ങളിൽ ഉപയോഗിക്കാനാകും.

# കേരളത്തിലെ വ്യാവസായിക സൗഹൃദ അന്തരീക്ഷം ശക്തിപ്പെടുത്തും: പി. രാജീവ്

**കൊച്ചി :**കേരളത്തിലെ വ്യാവസായിക സൗഹൃദ അന്തരീക്ഷം ശക്തിപ്പെടുത്തുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്. കൊച്ചി മറൈൻഡ്രൈവ് ഹോട്ടൽ താജ് വിവാന്റയിൽ നടന്ന സ്കെയിൽ അപ്പ് കോൺക്ലേവ്24 ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വ്യവസായങ്ങൾ ആരംഭിക്കുന്നതിന് അനുയോജ്യമായ സർക്കാർ സംവിധാനമാണ് കേരളത്തിൽ നിലവിലുള്ളത്. ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിന് മന്ത്രിസഭാ കഅംഗീകാരം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 25 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസം നേടുന്നതിനൊപ്പം വ്യാവസായിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്ക് ബോണസ് മാർക്ക്/ ഗ്രേസ് മാർക്ക്, പ്രതിഫലം തുടങ്ങിയവ നൽകുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിന് ശുപാർശ ചെയ്യും.

വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തും. വ്യാവസായിക ഉത്പാദനം വർദ്ധിപ്പിക്കും. സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിന് വിദ്യാർത്ഥികൾക്ക് സർവ്വകലാശാലകൾ സാമ്പത്തിക സഹായം നൽകണം. വിദ്യാർത്ഥികളെ മികച്ച സാധ്യതകൾ കണ്ടെത്തുന്നതിനായി പ്രോത്സാഹിപ്പിക്കണം. തിരുവനന്തപുരത്ത് വരുന്ന രാജ്യത്തെ ആദ്യ ഡിജിറ്റൽ സയൻസ് യൂണിവേഴ്സിറ്റി ഉന്നത വിദ്യാഭ്യാസ മേഖലയിലെ നാഴികക്കല്ലായി മാറും. കൊച്ചി, കണ്ണൂർ, തിരുവനന്തപുരം എന്നിവിടങ്ങളിലായി മൂന്ന് ഡിജിറ്റൽ സയൻസ് പാർക്കുകളും യാഥാർത്ഥ്യമാകുന്നതോടെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസം കരുത്താർജിക്കും.

ആറു മാസ കാലയളവിലെ മുഴുവൻ സമയ പെയ്ഡ് ഇന്റേൺഷിപ്പ് വിദ്യാർത്ഥികളിലും വ്യാവസായിക മേഖലയിലും മികച്ച മുന്നേറ്റം സൃഷ്ടിക്കുന്നുണ്ട്. സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനായി സർക്കാർ മേഖലയിൽ പഠിക്കുന്ന വിദ്യാർത്ഥികളെയും പ്രോത്സാഹിപ്പിക്കും.

സ്റ്റാർട്ടപ്പുകൾക്ക് അനുകൂല സാഹചര്യം ഒരുക്കുന്നതിന്റെ ഭാഗമായി ആനുവൽ സ്റ്റാർട്ടപ്പ് കോൺക്ലേവ്, ഇന്റർനാഷണൽ എ.ഐ കോൺക്ലേവ്, ഇന്റർനാഷണൽ റൗണ്ട് ടേബിൾ കോൺഫറൻസ് തുടങ്ങിയവ സംഘടിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

ഇൻഡസ്ട്രീസ് ആൻഡ് നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല, കെ.എസ്.ഐ.ഡി.സി ചെയർമാൻ പോൾ ആന്റണി, സ്റ്റാർട്ടപ്പ് മിഷൻ സി.ഇ.ഒ അനൂപ് അംബിക, ഇൻഡസ്ട്രീസ് ആൻഡ് കോമേഴ്സ് അഡീഷണൽ ഡയറക്ടർ കെ.എസ് കൃപകുമാർ, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ്, കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ എസ്. ഹരികിഷോർ, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# വേനൽക്കാല രോഗങ്ങൾക്കെതിരെ പ്രത്യേക ജാഗ്രത വേണം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** വേനൽക്കാല രോഗങ്ങൾക്കെതിരെ പ്രത്യേക ജാഗ്രത വേണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പകർച്ചപ്പനികൾ, ഇൻഫ്‌ലുവൻസ, സൂര്യാതപം, വയറിളക്ക രോഗങ്ങൾ, ചിക്കൻപോക്സ്, ഭക്ഷ്യവിഷബാധ, ഹെപ്പറ്റൈറ്റിസ് എ, ടൈഫോയിഡ് ഉൾപ്പെടെയുള്ളവ ശ്രദ്ധിക്കണം. ഡെങ്കിപ്പനിയ്ക്കെതിരെ നിതാന്ത ജാഗ്രതയുണ്ടാകണം. എലിപ്പനിയും മഞ്ഞപ്പിത്തവും പ്രത്യേകം ശ്രദ്ധിക്കണം. എറണാകുളം, തിരുവനന്തപുരം, പാലക്കാട്, കൊല്ലം ജില്ലകളിൽ ഡെങ്കിപ്പനി കേസുകൾ വർധിക്കുന്നതായി കാണുന്നു. പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കണം. ഡെങ്കി ഹോട്ട് സ്പോട്ടുകൾ പ്രസിദ്ധീകരിക്കാൻ നിർദേശം നൽകി. മഴയുണ്ടായാൽ ഡെങ്കിപ്പനി കേസുകൾ വർധിക്കാൻ സാധ്യതയുള്ളതിനാൽ മഴക്കാല പൂർവ ശുചീകരണം കൃത്യമായി നടത്തണമെന്നും മന്ത്രി പറഞ്ഞു. വേനൽക്കാല രോഗങ്ങളുടെ പൊതു സ്ഥിതി വിലയിരുത്തുന്നതിന് ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കുട്ടികളിൽ പൊതുവേ പനിയും ചുമയും തുടങ്ങി ഇൻഫ്‌ളുവൻസയും കാണുന്നുണ്ട്. രോഗം ബാധിച്ചാൽ എത്രയും വേഗം ചികിത്സ ലഭ്യമാക്കണം. തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാവൂ. ശുദ്ധമായ ജലം കൊണ്ടുണ്ടാക്കിയ ഐസ് മാത്രമേ ഉപയോഗിക്കാവൂ. ചൂടുകൂടിയ സാഹചര്യമായതിനാൽ ഭക്ഷണം വേഗം കേടാകാൻ സാധ്യതയുണ്ട്. ഇതും ശ്രദ്ധിക്കണം. ഉത്സവങ്ങളോടനുബന്ധിച്ച് ഭക്ഷണം വിതരണം നടത്തുന്നവരും ശീതള പാനീയങ്ങൾ, ഐസ്ക്രീം തുടങ്ങിയവ വിതരണം നടത്തുന്നവരും ശ്രദ്ധിക്കണം. വാട്ടർ തീം പാർക്കുകളിൽ പകർച്ചവ്യാധികളുണ്ടാകാതിരിക്കാൻ പ്രത്യേക ജാഗ്രത വേണം. ചൂട് കാലമായതിനാൽ നിർജലീകരണം പെട്ടന്നുണ്ടാകാൻ സാധ്യതയുള്ളതിനാൽ ധാരാളം വെള്ളം കുടിക്കണം. ദാഹം തോന്നിയില്ലെങ്കിലും വെള്ളം ഇടയ്ക്കിടയ്ക്ക് കുടിക്കണം. തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക. വെള്ളവും ഭക്ഷണവും മൂടിവയ്ക്കണം. സുരക്ഷിതമല്ലാത്ത വെള്ളവും ഭക്ഷണവും കഴിക്കരുത്.

വേനൽക്കാല രോഗങ്ങളുടെ പ്രതിരോധത്തിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ ശക്തമാക്കി കർശന നടപടി സ്വീകരിക്കാൻ നിർദേശം നൽകി. ജ്യൂസ് കടകളിൽ ഉപയോഗിക്കുന്ന ഐസ് പ്രത്യേകം പരിശോധിക്കും. ഹെപ്പറ്റൈറ്റിസ് എ കേസുകളുടെ പ്രതിരോധത്തിന് ആരോഗ്യ വകുപ്പ് ശക്തമായ ഇടപെടൽ നടത്തി വരുന്നു. കൃത്യമായ നിരീക്ഷണം നടത്താൻ നിർദേശം നൽകി. മലപ്പുറം പോത്തുകല്ലിലെ ഹെപ്പറ്റൈറ്റിസ് എ കേസുകൾ പ്രത്യേകം ചർച്ച ചെയ്തു.


ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, ജില്ലാ സർവെലൻസ് ഓഫീസർമാർ, മെഡിക്കൽ കോളേജ് സൂപ്രണ്ടുമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# രാജ്യത്തെ ആദ്യത്തെ ഒടിടി സി സ്പേസ് നാളെ ഉദ്ഘാടനം ചെയ്യും

**തിരുവനന്തപുരം:** രാജ്യത്ത് ആദ്യമായി ഒരു സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒടിടി പ്ലാറ്റ്ഫോം അവതരിപ്പിക്കാനൊരുങ്ങി കേരളം. സംസ്ഥാന സർക്കാരിന്റെ ഒടിടി പ്ലാറ്റ് ഫോം ആയ 'സി സ്പേസ്' മാർച്ച് ഏഴിന് രാവിലെ 9.30 ന് തിരുവനന്തപുരം കൈരളി തിയേറ്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിക്കും.

ഉള്ളടക്കത്തിലും പ്രചാരണത്തിലും ഒടിടി മേഖലയിലെ വർധിച്ചു വരുന്ന അസന്തുലിതാവസ്ഥകളോടും വെല്ലുവിളികളോടുമുള്ള പ്രതികരണമാണ് സി സ്പേസിലൂടെ സാധ്യമാക്കുന്നതെന്ന് പ്രശസ്ത ചലച്ചിത്ര സംവിധായകനും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (കെ.എസ്.എഫ്.ഡി.സി) ചെയർമാനുമായ ഷാജി എൻ. കരുൺ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കെ.എസ്.എഫ്.ഡി.സിക്കാണ് സി സ്പേസിന്റെ നിർവ്വഹണച്ചുമതല. സി സ്പേസിലേക്കുള്ള സിനിമകൾ തെരഞ്ഞെടുക്കുന്നതിനും അംഗീകരിക്കുന്നതിനുമായി ചലച്ചിത്രപ്രവർത്തകരായ സന്തോഷ് ശിവൻ, ശ്യാമപ്രസാദ്, സണ്ണി ജോസഫ്, ജിയോ ബേബി, എഴുത്തുകാരായ ഒ.വി ഉഷ, ബെന്യാമിൻ എന്നിവരടങ്ങുന്ന 60 പേരുടെ ഒരു ക്യൂറേറ്റർ സമിതി കെ.എസ്.എഫ്.ഡി.സി. രൂപീകരിച്ചിട്ടുണ്ട്. സി സ്പേസിലേക്ക് സമർപ്പിക്കുന്ന ഉള്ളടക്കങ്ങളുടെ കലാപരവും സാംസ്കാരികവുമായ മൂല്യം സമിതി വിലയിരുത്തും. ഇവർ ശുപാർശ ചെയ്യുന്ന സിനിമകൾ മാത്രമേ പ്ലാറ്റ്ഫോമിൽ പ്രദർശിപ്പിക്കുകയുള്ളൂ.




സി സ്പേസിന്റെ ആദ്യ ഘട്ടത്തിലേക്ക് 42 സിനിമകൾ ക്യൂറേറ്റർമാർ തെരഞ്ഞെടുത്തതായി ഷാജി എൻ കരുൺ പറഞ്ഞു. ദേശീയസംസ്ഥാന പുരസ്ക്കാരങ്ങൾ നേടിയതോ പ്രശസ്ത ചലച്ചിത്രമേളകളിൽ പ്രദർശിപ്പിച്ചതോ ആയ സിനിമകളും ഇതിലുണ്ടാകും. നിരവധി പുരസ്കാരങ്ങൾ നേടിയ 'നിഷിദ്ധോ', 'ബി 32 മുതൽ 44 വരെ' എന്നീ സിനിമകൾ സി സ്പേസ് വഴി പ്രീമിയർ ചെയ്യും.

ലാഭവിഹിതത്തിലെയും കാഴ്ചക്കാരുടെ എണ്ണത്തിലെയും സുതാര്യതയും അത്യാധുനിക സാങ്കേതികമികവുമാണ് സി സ്പേസിന്റെ മുഖമുദ്ര. കാണുന്ന സിനിമയ്ക്ക് മാത്രം പണം നൽകുക എന്ന വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന സി സ്പേസിൽ 75 രൂപയ്ക്ക് ഒരു ഫീച്ചർ ഫിലിം കാണാനും ഷോർട്ട് ഫിലിമുകൾ വളരെ കുറഞ്ഞ വിലയ്ക്ക് കാണാനും അവസരമുണ്ടാകും. ഈടാക്കുന്ന തുകയുടെ പകുതി തുക ഉള്ളടക്ക ദാതാവിന് ലഭിക്കും.

നിർമ്മാതാക്കൾ സിനിമകൾ ഒടിടി പ്ലാറ്റ്ഫോമുകളിൽ നേരിട്ട് റിലീസ് ചെയ്യുന്നതു മൂലം തിയേറ്റർ ഉടമ സ്ഥർക്കും വിതരണക്കാർക്കും ലാഭം കുറയുന്നുവെന്ന ആശങ്ക നിലനിൽക്കുന്നുണ്ടെന്നും ഇത് ഉൾക്കൊണ്ട് തിയേറ്ററുകളിൽ റിലീസ് ചെയ്ത സിനിമകൾ മാത്രം പ്രദർശിപ്പിക്കാനാണ് സി സ്പേസ് തീരുമാനിച്ചിട്ടുള്ളതെന്നും കെഎസ്എഫ്ഡിസി മാനേജിംഗ് ഡയറക്ടർ പറഞ്ഞു.

ക്യൂറേറ്റർമാർ നിർദേശിക്കുന്ന ഹ്രസ്വചിത്രങ്ങൾ, ഡോക്യുമെന്ററികൾ, പരീക്ഷണ സിനിമകൾ എന്നിവ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കും. സിനിമാ പ്രവർത്തകരുടെ ക്ഷേമത്തിനായി നിശ്ചിത തുക നീക്കിവെക്കുന്ന പദ്ധതിയും പരിഗണനയിലുണ്ട്. നിർമ്മാതാക്കൾക്ക് അവരുടെ സിനിമകൾ കാണുന്ന പ്രേക്ഷകരുടെ പിന്തുണയിലൂടെ നിർമ്മാണച്ചെലവ് തിരിച്ചുപിടിക്കാനുള്ള അവസരം നൽകിക്കൊണ്ട് ക്രൗഡ് ഫണ്ടിംഗിൽ ഒരു പുതിയ സമ്പ്രദായം ആരംഭിക്കാനും സി സ്പേസ് ഉദ്ദേശിക്കുന്നു.ഉദ്ഘാടന ചടങ്ങിൽ വി.ശിവൻകുട്ടി, ജി.ആർ അനിൽ, ആന്റണി രാജു, ആര്യ രാജേന്ദ്രൻ, കെ.എസ്.എഫ്.ഡി.സി. ചെയർമാൻ ഷാജി എൻ. കരുൺ, സാംസ്കാരിക വകുപ്പ് സെക്രട്ടറി മിനി ആന്റണി, സാംസ്കാരിക വകുപ്പ് ഡയറക്ടർ എൻ.മായ, കെ.എസ്.എഫ്.ഡി.സി എം.ഡി കെ.വി അബ്ദുൾ മാലിക്, കലാ സാംസ്കാരിക മേഖലയിലെ മറ്റ് പ്രമുഖർ തുടങ്ങിയവർ പങ്കെടുക്കും.

# സ്മാർട്ട്സിറ്റി പദ്ധതിയിൽ 684 കോടി രൂപ ചെലവഴിച്ചു: മുഖ്യമന്ത്രി

**തിരുവനന്തപുരം:** സ്മാർട്ട് സിറ്റി പദ്ധതിയിൽ ഇതുവരെ 684 കോടി രൂപ ചെലവഴിച്ച് വിവിധ പദ്ധതികൾ നടപ്പാക്കിയതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തിരുവനന്തപുരം നഗരസഭയുടെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. സ്മാർട്ട് സിറ്റിയിൽ 504 കോടി രൂപ ചെലവഴിച്ച് 52 പദ്ധതികൾ പൂർത്തിയാക്കി. 17 പദ്ധതികൾ പുരോഗമിക്കുന്നു. ഇതിൽ ചിലത് ജൂൺ മാസം പൂർത്തിയാകും. സ്മാർട്ട് സിറ്റിയുടെ ഭാഗമായ സിറ്റീസ് 2.0 പദ്ധതിയിൽ 133 കോടി രൂപ കൂടി തിരുവനന്തപുരത്തിന് ലഭിക്കും.

സിറ്റീസിന്റെ ഭാഗമായി സ്മാർട്ട് സിറ്റി നഗരങ്ങളുടെ ചുരുക്കപ്പട്ടിക തയ്യാറാക്കി ഇന്റർവ്യൂ നടത്തി തിരഞ്ഞെടുത്ത 18 നഗരങ്ങളിൽ തിരുവനന്തപുരവും ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് അധിക തുക ലഭിക്കുന്നത്. സിറ്റീസ് പദ്ധതിയിലൂടെ മാലിന്യ നിർമാർജനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനാകും. സാങ്കേതിക വിദ്യയുടെ സഹായത്തോടെ മാലിന്യ നിക്ഷേപം നിരീക്ഷിക്കാനും സമാഹരിക്കാനും മൂല്യവർധിത ഉത്പന്നങ്ങളായി മാറ്റാനും കഴിയും. അടുത്ത ഘട്ടമായി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾക്ക് നാലു കോടി രൂപ ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. വിവിധ കോർപറേഷനുകളുടെ സൗന്ദര്യവത്ക്കരണത്തിന് പ്രത്യേക പദ്ധതി നടപ്പാക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു. നഗരസഭയിലെ ഇന്റഗ്രേറ്റഡ് കമാൻഡ് ആന്റ് കൺട്രോൾ സെന്റർ, പാളയം മൾട്ടിലെവൽ കാർ പാർക്കിംഗ്, പാളയം മാർക്കറ്റിലെ പുനരധിവാസ ബ്ളോക്ക്, മുട്ടത്തറ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ റെസ്റ്റ് റൂം, വിവിധ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ എന്നിവയാണ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തത്. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം. ബി രാജേഷ് അധ്യക്ഷത വഹിച്ചു. മേയർ ആര്യാ രാജേന്ദ്രൻ, എം. എൽ. എമാരായ ആന്റണി രാജു, വി. കെ. പ്രശാന്ത്, ഡെപ്യൂട്ടി മേയർ പി. കെ. രാജു, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു.



# കെ സ്മാർട്ട് ആപ്ലിക്കേഷൻ: അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് പരിശീലനം നൽകി

**കൊച്ചി :**സംസ്ഥാന ഐ ടി മിഷന്റെ നേതൃത്വത്തിൽ അക്ഷയ പ്രൊജക്ടിനു കീഴിലെ ജീവനക്കാർക്ക് കെ സ്മാർട്ട് ആപ്ലിക്കേഷൻ കൈകാര്യം ചെയ്യുന്നതിനായി ഏകദിന പരിശീലന ക്ലാസ് സംഘടിപ്പിച്ചു. ജില്ലയിലെ അക്ഷയ കേന്ദ്രങ്ങളിലെ 254 ജീവനക്കാർക്കാണ് പരിശീലനം നൽകിയത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ സേവനങ്ങളും ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെയാണ് കെസ്മാർട്ട് ആപ്ലിക്കേഷൻ ആരംഭിച്ചത്. അക്ഷയ ജില്ലാ കോ ഓഡിനേറ്റർ സി പി ജിൻസി പരിശീലന ക്ലാസ് നയിച്ചു. ഐ ടി മിഷൻ ജില്ലാ പ്രൊജക്ട് മാനേജർ ചിഞ്ചു സുനിൽ, അക്ഷയ ജില്ലാ ഓഫീസ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

# കോഓഡിനേറ്റർമാരെ നിയമിക്കുന്നു

**കൊച്ചി :**മത്സ്യബന്ധന ഉപകരണങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് മത്സ്യത്തൊഴിലാളി ക്ഷേമനിധ ബോർഡ് എറണാകുളം ജില്ലയിലും, തൃശ്ശൂർ ജില്ലയിലും കോ ഓഡിനേറ്റർമാരെ താല്ക്കാലികമായി നിയമിക്കുന്നു. ഒരു മാസത്തേക്കാണ് നിയമനം.

പ്രതിമാസം വേതനം 15000/രൂപ പരമാവധിയാത്രബ 5000/രൂപയുമാണ്. +2/ പ്ലസ്ടു/ വി എച്ച് എസ് സി അടിസ്ഥാന യോഗ്യതയുള്ളവരും, കമ്പ്യൂട്ടർ പരിജ്ഞാനം ഉള്ളവരുമാണ് അപേക്ഷിക്കേണ്ടത്.

എറണാകുളം ജില്ലയിൽ മാർച്ച് 11 തിങ്കളാഴ്ച രാവിലെ 10.30 നും, തൃശ്ശൂർ ജില്ലയിൽ അന്നേ ദിവസം ഉച്ചക്ക് ശേഷം 2 നും അഭിമുഖം നടത്തുന്നതാണ്. വിദ്യാ ഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, മത്സ്യത്തൊഴിലാളി കുടുംബം എന്ന് തെളിയിക്കുന്ന രേഖ എന്നിവയുമായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, ഫിഷറീസ് ഓഫീസ് കോംപ്ലക്സ്, ഡോക്ടർ സലിം അലി റോഡ്, ഹൈക്കോടതിക്ക് സമീപം, എറണാകുളം 18 എന്ന വിലാസത്തിൽ എത്തിച്ചേരേണ്ടതാണ്.

# ആയുഷ് മേഖലയെ ഹെൽത്ത് ഹബ്ബാക്കി മാറ്റും: മന്ത്രി

## സ്പോർട്സ് ആയുർവേദത്തിന് വലിയ പ്രാധാന്യം നൽകും

**തിരുവനന്തപുരം:** ആയുഷ് മേഖലയെ ഹെൽത്ത് ഹബ്ബാക്കി മാറ്റുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കേരളത്തിന് പുറത്ത് നിന്നും വിദേശ രാജ്യങ്ങളിൽ നിന്നുൾപ്പെടെയുള്ളവർക്ക് പ്രത്യേക ചികിത്സാ സൗകര്യങ്ങളൊരുക്കും. ആയുഷ് മേഖലയുടെ വികസനത്തിനായി 532 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ആയുർവേദ ചികിത്സാ രംഗം ശക്തിപ്പെടുത്തുന്നതിനായി പുതുതായി 116 തസ്തികകൾ സൃഷ്ടിച്ചു. ഹോമിയോപ്പതി വകുപ്പിൽ പുതുതായി 40 മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ചു. എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറികൾ സാധ്യമാക്കി. ഇത് കൂടാതെയാണ് മികച്ച സൗകര്യങ്ങളൊരുക്കി രാജ്യത്തിന് മാതൃകയായി 150 ആയുഷ് ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.എ.ബി.എച്ച്. സർട്ടിഫിക്കേഷൻ നേടിയെടുക്കാനായതെന്ന് മന്ത്രി പറഞ്ഞു. 150 ആയുഷ് ആരോഗ്യ സ്ഥാപനങ്ങൾക്കുള്ള എൻ.എ.ബി.എച്ച്. സർട്ടിഫിക്കറ്റ് വിതരണവും ആയുഷ് സോഫ്റ്റ് വെയറുകളുടെ പ്രകാശനവും നിർവഹിക്കുകയായിരുന്നു മന്ത്രി.

സ്പോർട്സ് ആയുർവേദത്തിന് വലിയ സാധ്യതകളും പ്രാധാന്യവുമാണുള്ളത്. ആയുഷ് രംഗത്ത് സ്റ്റാർട്ടപ്പ് ഇന്നൊവേഷൻ കൊണ്ടുവരും. തെളിവധിഷ്ഠിത ഗവേഷണത്തിനായി കണ്ണൂരിൽ ആയുർവേദ ഗവേഷണ കേന്ദ്രം യാഥാർത്ഥ്യമാക്കി വരികയാണ്.

സംസ്ഥാന ആയുഷ് മേഖലയെ സവിശേഷമായി കണ്ടുകൊണ്ടാണ് എൻഎബിഎച്ചിനായി കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. കേരളത്തിന്റെ ആയുർവേദ രംഗം ആഗോള തലത്തിൽ ശ്രദ്ധിക്കപ്പെട്ടു. ആരോഗ്യ സംരക്ഷണത്തിന് കേരളത്തിന് പുറത്ത് നിന്നുള്ളവരെ എത്തിക്കാൻ കഴിയാത്തത് എന്തുകൊണ്ട് എന്ന ചോദ്യത്തിൽ നിന്നാണ് ഇതിലേക്ക് എത്തപ്പെട്ടത്. കൃത്യമായ ഗുണനിലവാരത്തോടെ സേവനങ്ങൾ എത്തിക്കാൻ കഴിയണം. രാജ്യത്ത് ആദ്യമായി എൻഎബിഎച്ച് മാനദണ്ഡമുണ്ടാക്കി ക്വാളിറ്റി ടീമുകൾ സജ്ജമാക്കിയാണ് ഈ നേട്ടം കൈവരിച്ചത്. ആദ്യമായാണ് രാജ്യത്ത് ഇത്രയും ആയുഷ് സ്ഥാപനങ്ങൾക്ക് ഒന്നിച്ച് എൻഎബിഎച്ച് അക്രഡിറ്റേഷൻ ലഭിച്ചത്.

സംസ്ഥാനത്ത് 600 ആയുഷ് ആരോഗ്യ സ്വാസ്ഥ്യ കേന്ദ്രങ്ങളാണ് നിലവിലുള്ളത്. ഈ കേന്ദ്രങ്ങളുടെ പ്രവർത്തന മികവും പദ്ധതി നിർവഹണ മേന്മയും കണക്കിലെടുത്ത് പുതുതായി 100 കേന്ദ്രങ്ങൾ കൂടി ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആയുഷ് ആരോഗ്യ സ്വാസ്ഥ്യ കേന്ദ്രങ്ങളുടെ എണ്ണം 700 ആകും. പൂജപ്പുര സർക്കാർ പഞ്ചകർമ്മ ആശുപത്രി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി തയ്യാറാക്കുന്നു. വർക്കലയിൽ ആധുനിക ആയുഷ് ചികിത്സാ കേന്ദ്രം സാധ്യമാക്കും. 14 ജില്ലകളിലും ഇതുപോലെയുള്ള ആശുപത്രികൾ സാധ്യമാക്കും. ജീവിതശൈലീ രോഗ പ്രതിരോധത്തിന് പ്രാധാന്യം നൽകുന്നതിനാലാണ് 1000 ആയുഷ് യോഗ ക്ലബ്ബുകൾ ആരംഭിച്ചത്. ആയുഷ് മേഖലയിൽ ടെലിമെഡിസിൻ സംവിധാനം ഏർപ്പെടുത്തി.

എൻഎബിഎച്ച് കരസ്ഥമാക്കിയ എല്ലാ സ്ഥാപനങ്ങളേയും ആയുഷ് ജീവനക്കാരേയും മന്ത്രി അഭിനന്ദിച്ചു. കേരളത്തിലെ ആയുഷ് മേഖലയെപ്പറ്റി പഠിക്കാനെത്തിയ ഉത്തരാഖണ്ഡിൽ നിന്നുള്ള സംഘത്തേയും മന്ത്രി സ്വാഗതം ചെയ്തു.

മരുന്നുകളുടെ സംഭരണ, വിതരണ പ്രക്രിയ ലഘൂകരിക്കാനും പൊതു ജനങ്ങൾക്ക് ആവശ്യാനുസരണം മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്താനും വേണ്ടിയുള്ള ആയുഷ് മെഡിസിൻ പ്രൊക്യുയർമെന്റ് സോഫ്റ്റ് വെയർ, ആയുഷ് മേഖലയിലെ മികച്ച സേവനം കണക്കിലെടുത്ത് കേരള സർക്കാർ ഏർപ്പെടുത്തിയ ആയുഷ് അവാർഡുകളുടെ പ്രവർത്തനങ്ങൾ സാധ്യമാക്കാനുള്ള ആയുഷ് അവാർഡ് സോഫ്റ്റ് വെയർ, ആയുഷ് മേഖലയിലെ വിജ്ഞാന, നൈപുണ്യ വികസനത്തിന് ഒരു മുതൽക്കൂട്ടാകുന്ന ആയുഷ് ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം എന്നിവയുടെ ഉദ്ഘാടനമാണ് നിർവഹിച്ചത്.

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ് അധ്യക്ഷത വഹിച്ച ചടങ്ങിൽ നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. ഡി. സജിത് ബാബു സ്വാഗതമാശംസിച്ചു. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ഡോ കെ.എസ്. പ്രിയ, ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ഡോ. എം.എൻ. വിജയാംബിക, ആയുർവേദ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. ടി.ഡി. ശ്രീകുമാർ, ഹോമിയോപ്പതി വിദ്യാഭ്യാസ പി.സി.ഒ. ഡോ. ഷീല എ.എസ്., നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാരായ ഡോ. സജി പി. ആർ., ഡോ. ആർ. ജയനാരായണൻ എന്നിവർ സംസാരിച്ചു.

# കുടുംബശ്രീയുടെ ലഞ്ച് ബെല്ലിന് തുടക്കം

**തിരുവനന്തപുരം:** ഒറ്റ ക്ലിക്കിൽ ഉച്ച ഭക്ഷണം അരികിലെത്തുന്ന കുടുംബശ്രീയുടെ 'ലഞ്ച് ബെൽ' പദ്ധതിക്ക് തുടക്കമായി. ലഞ്ച് ബെല്ലിന്റെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് നിർവഹിച്ചു. കുടുംബശ്രീയുടെ അടിസ്ഥാന ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കാതെ പുതിയ സാധ്യതകളെ കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രവർത്തനത്തെ നവീകരിക്കുകയാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

കാൽനൂറ്റാണ്ടിന് മുമ്പ് ദാരിദ്ര്യ നിർമാർജ്ജനം ലക്ഷ്യമിട്ടാണ് കുടുംബശ്രീ പ്രവർത്തനമാരംഭിച്ചത്. ഇന്ന് രാജ്യത്തിലെ ഏറ്റവും ദാരിദ്ര്യം കുറവുള്ള സംസ്ഥാനമായി കേരളം മാറി. ഈ സാഹചര്യത്തിലേക്ക് കേരളത്തെ മാറ്റുന്നതിന് കുടുംബശ്രീ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ഇനി വരുമാന വർധനവ് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്ക് കൂടി കുടുംബശ്രീ കൂടുതൽ ഊന്നൽ നൽകണം. ഇതിനായി പുതിയ മേഖലകളിലെ സാധ്യതകൾ കണ്ടെത്തി പ്രവർത്തനങ്ങൾ വ്യാപിക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കുടുംബശ്രീയുടെ ഏറ്റവും വലിയ കൈമുതൽ വിശ്വാസ്യതയാണ്. ആ വിശ്വാസ്യതയുള്ളതുകൊണ്ടാണ് ജനകീയ ഹോട്ടലുകളിലേക്ക് ആളുകൾ കൂടുതലെത്തുന്നത്. ആയിരത്തോളം ജനകീയ ഹോട്ടലുകൾ ജനകീയമായത് ഈ വിശ്വാസ്യത കാരണമാണ്. അങ്കമാലിയിൽ ആരംഭിച്ച കുടുംബശ്രീ പ്രീമിയം കഫേ നെറ്റ്‌വർക്കിന് നല്ല പ്രതികരണമാണ് കിട്ടിയത്. വിശ്വാസ്യത കാത്തുസൂക്ഷിച്ചുകൊണ്ട് ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് പ്രവർത്തിക്കാൻ കുടുംബശ്രീക്ക് സാധിക്കണമെന്ന് മന്ത്രി പറഞ്ഞു. ലഞ്ച് ബെൽ പദ്ധതിയുടെ ഭാഗമായി ഭക്ഷണം വിതരണം ചെയ്യുന്ന വാഹനങ്ങളുടെ ഫ്ലാഗ് ഓഫ് മന്ത്രി നിർവഹിച്ചു.

കുടുംബശ്രീയുടെ ഫുഡ് ഡെലിവറി ആപ്ലിക്കേഷൻ 'പോക്കറ്റ്മാർട്ട്' വഴിയാണ് ഭക്ഷണം ഓർഡർ ചെയ്യേണ്ടത്. ആപ്ലിക്കേഷൻ പ്ലേ സ്റ്റോറിൽ ലഭ്യമാണ്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം നഗരപ്രദേശത്തെ തിരഞ്ഞെടുത്ത സ്ഥലങ്ങളിലാണ് ലഞ്ച് ബെൽ നടപ്പിലാക്കുന്നത്. സെക്രട്ടേറിയറ്റ്, നിയമസഭ, വികാസ് ഭവൻ, പബ്ലിക് ഓഫീസ് പ്രദേശങ്ങളിലെ സർക്കാർ ഓഫീസുകൾ, ബാങ്കുകൾ, മറ്റു സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉച്ചയൂണ് എത്തിക്കും. 60 രൂപയ്ക്ക് ബജറ്റ് ലഞ്ചും നോൺ വെജ് വിഭവങ്ങൾ കൂടി ഉൾപ്പെട്ട 99 രൂപയുടെ പ്രീമിയം ലഞ്ചും ആപ്പിലൂടെ ഓർഡർ ചെയ്യാം. വിദഗ്ധ പരിശീലനം ലഭിച്ച യൂണിറ്റ് അംഗങ്ങളാണ് ഉച്ചഭക്ഷണം തയ്യാറാക്കുന്നതും വിതരണം ചെയ്യുന്നതും. ശ്രീകാര്യത്ത് പ്രത്യേകമായി സജ്ജീകരിക്കുന്ന അടുക്കളയിലാണ് ഭക്ഷണം തയ്യാറാക്കുന്നത്. ഹരിതചട്ടം പാലിക്കുന്നതിന്റെ ഭാഗമായി പ്ലാസ്റ്റിക് കണ്ടെയ്നറുകൾ ഒഴിവാക്കി സ്റ്റീൽ പാത്രങ്ങളിലാണ് ഊണ് വിതരണം ചെയ്യുക.

തിരുവനന്തപുരം കെ.ടി.ഡി.സി ഗ്രാൻഡ് ചൈത്രത്തിൽ നടന്ന ചടങ്ങിൽ ആന്റണി രാജു എം.എൽ.എ അധ്യക്ഷത വഹിച്ചു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ്കുമാർ മുഖ്യാതിഥിയായി.



# മഞ്ഞൾവിപണിയിൽ മാന്ദ്യം; ഉത്പാദനത്തിൽ വൻ ഇടിവ്

**വടക്കഞ്ചേരി:** ഉണക്ക മഞ്ഞളിൻറെ വരവ് ഉയർന്ന തോതിലാകേണ്ട ഈ ദിവസങ്ങളിൽ വിപണിയിലെത്തുന്ന മഞ്ഞൾ പകുതികണ്ട് കുറവാണെന്ന് വ്യാപാരികൾ. കഴിഞ്ഞ 20 വർഷത്തിനിടെ ഇതാദ്യമാണ് ഉത്പാദനത്തിൽ ഇത്രയും കുറവ് ഉണ്ടാകുന്നത്. കുറച്ചു വർഷങ്ങളായി മഞ്ഞളിനുണ്ടായ വിലക്കുറവും തൊഴിലാളി ക്ഷാമവും കൂടിയ ഉത്പാദന ചെലവുമാണ് ഇഞ്ചി, മഞ്ഞൾ കൃഷിയിൽ നിന്നും കർഷകരെ പിന്മാറാൻ പ്രേരിപ്പിച്ചിട്ടുള്ളത്.

ഉണക്ക മഞ്ഞൾ കിലോയ്ക്ക് ഇപ്പോൾ 180 രൂപയുണ്ട്. കഴിഞ്ഞ വർഷം ഇത് 130 രൂപയായിരുന്നുവെന്ന് വടക്കഞ്ചേരി ടൗണിലെ പ്രമുഖ മലഞ്ചരക്ക് വ്യാപാരിയായ ഷൈബു കുര്യാക്കോസ് പറഞ്ഞു.

മഞ്ഞൾ വില കൂടിവരുന്നുണ്ടെങ്കിലും മഞ്ഞളില്ലാത്ത സ്ഥിതിയാണ്. കൂലിയിനത്തിലെ വലിയ വർധനവും പണികളെല്ലാം പുറംകോട്ടാകാൻ കാരണമാകുന്നുണ്ട്. തൊഴിലുറപ്പിനും കാറ്ററിംഗ് പണികൾക്കും സ്ത്രീകൾ കൂട്ടത്തോടെ പോകുന്നത് മറ്റു പണികൾക്ക് ആളെ കിട്ടാനില്ലാതാക്കി. മഞ്ഞളിൻറെ വിളവെടുപ്പ് പലരും നടത്തുന്നു പോലുമില്ലെന്ന് ഈ രംഗത്തുള്ള മുജീബ് പറഞ്ഞു.

തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിലാണ് ഇപ്പോൾ ഇഞ്ചി, മഞ്ഞൾ കൃഷി വ്യാപകമായിട്ടുള്ളത്.

ഷിമോഗ, മംഗലാപുരം, കുടക് തുടങ്ങിയ സ്ഥലങ്ങളിൽ ഇത്തരം കൃഷി കൂടി. കേരളത്തിൽ പ്രത്യേകിച്ച് പാലക്കാടൻ പാടങ്ങളിൽ ഇഞ്ചി, മഞ്ഞൾ കൃഷി ഓരോ വർഷവും കുറഞ്ഞു വരികയാണ്.

ഇത് വടക്കഞ്ചേരിയുടെ മഞ്ഞൾ കുത്തക ഇല്ലാതാക്കുമോ എന്ന ആശങ്കകളുമുണ്ട്.

# വടകര റവന്യു ടവർ നിർമാണത്തിന് കിഫ്ബിയുടെ അന്തിമാനുമതി; 26.4 കോടി രൂപ അനുവദിച്ചു

**കോഴിക്കോട്:** വടകര താലൂക്കിലെ ജനങ്ങളുടെ ഏറെ കാലത്തെ ആവശ്യമായ വടകര റവന്യു ടവറിൻറെ ഫണ്ട് പാസായതായി കെ.കെ. രമ എംഎൽഎ അറിയിച്ചു. 26.4 കോടി രൂപയാണ് റവന്യു ടവറിനായി അനുവദിച്ചത്.

കഴിഞ്ഞ ദിവസം ചേർന്ന കിഫ്ബി ബോർഡ് യോഗത്തിലാണ് ഫണ്ട് പാസായത്. 2022 ഏപ്രിൽ 21നാണ് റവന്യു മന്ത്രി കെ. രാജൻ റവന്യു ടവറിൻറെ ശിലാസ്ഥാപനം നടത്തിയത്. തുടർന്ന് നിരവധി തവണ കിഫ്ബി ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ചകൾ നടത്തിയിരുന്നു. ശിലാസ്ഥാപന സമയത്ത് 15 കോടിയായിരുന്നു എസ്റ്റിമേറ്റ് തുക പറഞ്ഞിരുന്നത്.

ഇപ്പോൾ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് തുക അനുവദിച്ചിരിക്കുന്നത്. ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് കേരള ഹൗസിംഗ് ബോർഡാണ് പ്രവൃത്തി നടത്തുന്നത്. ഫണ്ട് അനുവദിച്ചതോടെ ടെണ്ടർ നടപടികളുമായി ഹൗസിംഗ് ബോർഡ് വേഗത്തിൽ മുന്നോട്ടു പോയി പ്രവൃത്തി ഉടൻ തുടങ്ങുമെന്ന് കരുതുന്നതായി കെ.കെ. രമ എംഎൽഎ പറഞ്ഞു.

# സൗജന്യ തൊഴിൽ പരിശീലനം

**കൊല്ലം:** കൊട്ടിയം കനറാ ഗ്രാമീണ സ്വയംതൊഴിൽ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിൽ ഫാസ്റ്റ് ഫുഡ് നിർമാണം (10 ദിവസം), പരിശീലനത്തിന് അപേക്ഷിക്കാം..

പ്രായപരിധി: 1845. ട്രെയിനിങ്, ഭക്ഷണം സൗജന്യം . ബിപി എൽ വിഭാഗം, കുടുംബശ്രീ, തൊഴിലുറപ്പ് എന്നിവയിലുള്ളവർക്ക് മുൻഗണന . പേര്, മേൽവിലാസം, പ്രായം, ഫോൺ നമ്പർ സഹിതം ഡയറക്ടർ, കനറാ ബാങ്ക് ഗ്രാമീണ സ്വയം തൊഴിൽ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് , കെ ഐ പി ക്യാംപസ്, കൊട്ടിയം പി ഒ., കൊല്ലം, പിൻ 691571. വിലാസത്തിൽ അപേക്ഷിക്കണം. ഫോൺ 04742537141.,9495245002.



# ബ്രഹ്മപുരം മാലിന്യ പ്ലാൻറ്: വെറ്റ് റൈസറും ഫയർ ഹൈഡ്രൻറുകളും സ്ഥാപിച്ചു തുടങ്ങി

**കൊച്ചി:** ബ്രഹ്മപുരം മാലിന്യ പ്ലാൻറിൽ തീപിടിത്തം ആവർത്തിക്കാതിരിക്കാനുള്ള മുൻ കരുതൽ നടപടികൾ പുരോഗമിക്കുന്നു. പ്ലാൻറിൽ ഓട്ടോമാറ്റിക് വെറ്റ് റൈസർ സംവിധാനം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. രണ്ടാഴ്ചയ്ക്കകം വെറ്റ് റൈസർ സ്ഥാപിക്കും.ഇതോടൊപ്പം ഫയർ ഹൈഡ്രൻറുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. 20 ദിവസത്തിനകം ഇവയും പൂർത്തിയാകുമെന്ന് കോർപറേഷൻ സൂപ്രണ്ടിംഗ് എൻജിനീയർ അറിയിച്ചു.

മാലിന്യ പ്ലാൻറിൽ വൈദ്യുതി തടസം ഒഴിവാക്കുന്നതിനായുള്ള സമാന്തര സംവിധാനങ്ങളുടെ പ്രവർത്തനവും പുരോഗമിക്കുകയാണ്. 34 തെരുവു വിളക്കുകൾ നിലവിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ പ്രകാശക്രമീകരണം ഏർപ്പെടുത്തുന്നതിന് അഗ്നിരക്ഷാ സേനയുടെ ഹസ്ക ലൈറ്റ് സംവിധാനം ഏർപ്പെടുന്നത് പരിഗണിക്കും.

വൈദ്യുതി തടസപ്പെട്ടാലും പ്രകാശം ലഭിക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കും. ജനറേറ്റർ വാടകയ്ക്ക് എടുക്കുന്നതിന് നടപടി സ്വീകരിക്കും. നിലവിൽ പ്ലാൻറിൽ സ്ഥാപിച്ചിരിക്കുന്ന സിസിടിവി കാമറയുടെ ആക്സസ് പോലീസിനും ജില്ലാ ദുരന്ത നിവാരണ വിഭാഗത്തിനും ലഭ്യമാക്കും. മാലിന്യ പ്ലാൻറിൻറെ ഉൾഭാഗത്തേക്കുള്ള പ്രധാന റോഡുകൾ പൂർത്തിയായി. ഉൾഭാഗത്തേക്കുള്ള റോഡുകൾ ഫയർ ടെൻഡർ വാഹനങ്ങൾക്ക് അനായാസം സഞ്ചരിക്കാൻ കഴിയും വിധം കൂടുതൽ ശക്തിപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. ജലസംഭരണികൾ ഒരാഴ്ചയ്ക്കകം പൂർത്തിയാകും.

പ്ലാൻറിൽ വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി മന്ത്രിമാരായ പി. രാജീവിൻറെയും എം.ബി. രാജേഷിൻറെയും നേതൃത്വത്തിൽ ഓൺലൈനായി വിലയിരുത്തി.

# കെവൈസി കർശനമാക്കി ബാങ്കുകൾ




**കോട്ടയം:** റിസർവ് ബാങ്കിൻറെ നിർദേശം പരിഗണിച്ചു കെവൈസി നടപടിക്രമങ്ങൾ കൂടുതൽ കർശനമാക്കാൻ ഒരുങ്ങി ബാങ്കുകൾ. വ്യത്യസ്ത രേഖകൾ ഉപയോഗിച്ച് ഒന്നിലധികം അക്കൗണ്ടുകൾ എടുത്തിട്ടുള്ളവരിൽനിന്നു ബാങ്കുകൾ വ്യക്തത തേടും.

നിലവിലുള്ള എല്ലാ അക്കൗണ്ടുകളിലും ഫോൺ നമ്പർ പുതുക്കി നൽകാൻ ആവശ്യപ്പെടും. ഒന്നിലധികം അക്കൗണ്ടുകളിലോ ജോയൻറ് അക്കൗണ്ടുകളിലോ ഒരേ ഫോൺ നമ്പർ നൽകിയിട്ടുള്ളവരോടും ഇക്കാര്യം ആവശ്യപ്പെടും.

വ്യത്യസ്ത തലത്തിലുള്ള പരിശോധനയാകും നടത്തുക. പാൻ, ആധാർ, മൊബൈൽ നമ്പർ എന്നിങ്ങനെ പരിശോധിച്ച് ഉറപ്പാക്കുകയാണ് ലക്ഷ്യം.

ഒന്നിലധികം അക്കൗണ്ടുകൾ ഉള്ളവർ അത് ബന്ധിപ്പിച്ചിട്ടില്ലെങ്കിൽ വ്യത്യസ്ത കെവൈസി രേഖകൾ ഉപയോഗിച്ച് പുതിയ അക്കൗണ്ടുകൾ തുറക്കാൻ അനുവദിക്കും. പാസ്പോർട്ട്, ആധാർ, വോട്ടർ ഐഡികാർഡ്, എൻആർഇജിഎ കാർഡ്, പാൻ കാർഡ്, ഡ്രൈവിങ് ലൈസൻസ് എന്നിവ ഉപയോഗിച്ച് ബാങ്ക് അക്കൗണ്ട് തുടങ്ങാൻ കഴിയും.

അക്കൗണ്ട് വിവരങ്ങൾ പങ്കിടാൻ അനുമതിയുള്ളവർ (അക്കൗണ്ട് അഗ്രിഗേറ്റർ) അക്കൗണ്ട് ഉടമകളുടെ സാമ്പത്തിക ആസ്തികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് ഏകീകരിച്ച് സൂക്ഷിക്കും.

# കുട്ടികൾക്കായി ആകർഷകമായ പാർക്ക് ഒരുങ്ങി

**കോവളം:** വിഴിഞ്ഞം ലൈറ്റ് ഹൗസ് വളപ്പിൽ കുട്ടികൾക്കായി ആകർഷകമായ പാർക്ക് ഒരുങ്ങി. കൂടാതെ വെർട്ടിക്കൽ ഗാർഡൻ, നടപ്പാത, അക്യുപ്രഷർ പാത്ത് വേ, ജലധാര തുടങ്ങിയ വൈവിധ്യമാർന്ന ആകർഷക ഇനങ്ങളും വളപ്പിൽ സജ്ജമായി. ലൈറ്റ് ഹൗസ് ചുറ്റുവട്ടം കൂടുതൽ വിനോദസഞ്ചാരത്തിന് ആകർഷക മേഖലയാക്കുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ നിർമിതികൾ. പ്രധാനമന്ത്രി കഴിഞ്ഞ ആഴ്ച ഉദ്ഘാടനം ചെയ്ത രാജ്യത്തെ 75 ലൈറ്റ് ഹൗസുകളിലെ നവീകരണ പദ്ധതികളുടെ ഉദ്ഘാടനത്തിനൊപ്പമാണ് വിഴിഞ്ഞത്തെ പുതു സംരംഭം പൊതുജനത്തിനായി തുറന്നത്.

പ്രധാന ഗേറ്റിൽ കൂറ്റൻ കരിവീരന്റെ രൂപം ആണ് സന്ദർശകരെ ആദ്യം സ്വീകരിക്കുക. ആകർഷക മേൽക്കൂരയുള്ള നടപ്പാതയാണ് തൊട്ടടുത്ത്. വെർട്ടിക്കൽ ഗാർഡൻ എന്നറിയുന്ന ഇരുമ്പ് നിർമിതിയിലെ തട്ട് തട്ടായുള്ള പൂച്ചെടികൾ മറ്റൊരു പ്രത്യേകതയാണ്. പാർക്കിൽ ഊഞ്ഞാലുകൾ, സീസോ എന്നിവയ്ക്കൊപ്പം കുട്ടികളെ രസിപ്പിക്കാൻ വലിയ ചിമ്പാൻസി, ജിറാഫ് എന്നീ രൂപങ്ങളും ഒരുക്കിയിട്ടുണ്ട്. ലൈറ്റ് ഹൗസ് ടവറിന് തൊട്ടടുത്തായാണ് അക്യുപ്രഷർ പാത്ത് വേ എന്ന ആകർഷക ഉരുളൻ കല്ലുകൾ പാകിയിട്ടുള്ള നടപ്പാത.

സമീപത്തുള്ള സുവനിയർ ഷോപ്പ് ഹാളിൽ ലൈറ്റ് ഹൗസിന്റെ ചരിത്രം ഉൾപ്പെടെയുള്ള വിവരങ്ങളുള്ള ലഘു പുസ്തകങ്ങളുടെ ലഭ്യതയും വൈകാതെ ഉറപ്പാക്കുമെന്ന് അറിയിച്ചു. കുട്ടികൾക്കൊപ്പം മുതിർന്നവർക്ക് സായാഹ്നങ്ങൾ ചെലവഴിക്കാനായി ഇരിപ്പിടങ്ങളും ഒരുക്കിയിട്ടുണ്ട്. ലഘു ഭക്ഷണം കിട്ടുന്ന കഫെറ്റീരിയയും സമീപത്ത് സജ്ജമാക്കിയിട്ടുണ്ട്. തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ സന്ദർശിക്കാം. രാവിലെ 10 മുതൽ 12.30 വരെയും 2 മുതൽ 5 വരെയുമാണ് സന്ദർശന സമയം. കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും 10 രൂപയും മറ്റുള്ളവർക്ക് 20 രൂപയുമാണ് ടിക്കറ്റ് നിരക്ക്.

